Page 1 of 2

(സി) പ്രസ്തുത പദ്ധതിക്കാവശ്യമായ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഈ പദ്ധതിക്കുവേണ്ടി 2-6-2020-ലെ സ.ഉ.(സാധാ) നമ്പർ 1001/2020/ ആ.കു.വ. പ്രകാരം ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്.

കിഫ്ബിയുടെ പ്രവർത്തനം

23(27) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബി നാളിതുവരെ ഏതൊക്കെ ഏജൻസികളിൽനിന്നും എത്ര കോടി രൂപ സമാഹരിച്ചുവെന്നും ആയതിൽ എത്ര കോടി രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

കിഫ്ബി 2021 ജൂൺ 30 പ്രകാരം വിവിധ ലോണുകളിലൂടെയും ബോണ്ടുകളിലൂടെയും 9061.90 കോടി രൂപയും മോട്ടോർ വാഹന നികുതിയുടെയും പെട്രോളിയം സെസ്സിന്റെയും വിഹിതമായി 8536.19 കോടി രൂപയും ഉൾപ്പെടെ ആകെ 17598.09 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. ഇതിൽനിന്നും 12577.8 കോടി രൂപ പദ്ധതികൾക്കായും 1075.8 കോടി രൂപ വായ്പയുടെ തിരിച്ചടവിനും (മുതലും പലിശയും) വിനിയോഗിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) കിഫ്ബിയിലൂടെ എപ്രകാരമുള്ള പദ്ധതികൾക്കാണ് ഈ സർക്കാർ മുൻഗണന നൽകാൻ ഉദ്ദേശിക്കുന്നത്: 2021-22 വർഷം എത്ര കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് കിഫ്ബി മുഖാന്തരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കിഫ്ബി മുഖാന്തരം പൊതുമരാമത്ത്, ഗതാഗതം, കൃഷി, പിന്നാക്ക സമുദായ വികസനം, സാംസ്കാരികം, ഫിഷറീസ്, വനം, ദേവസ്വം, വ്യവസായം, വൈദ്യുതി, തദ്ദേശസ്വയംഭരണം, കായികം, പട്ടികജാതി-പട്ടികവർഗ്ഗ വികസനം, റവന്യൂ, രജിസ്ട്രേഷൻ, ടൂറിസം, കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ, ആരോഗ്യം, ജലവിഭവം, വിദ്യാഭ്യാസം മുതലായ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ നടപ്പിലാക്കാനാണ് ഈ സർക്കാർ മുൻഗണന നൽകുന്നത്. 2021-22 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ 4 പദ്ധതികളാണ് കിഫ്ബിവഴി നടത്തുവാനായി പ്രഖ്യാപിച്ചിട്ടുള്ളത്. പദ്ധതികളുടെ പൂർത്തീകരണത്തിനാവശ്യമായ അടങ്കൽ തുക നിർണ്ണയിച്ചുവരുന്നതേയുള്ളു.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(സി) കിഫ്ബി മുഖേന നിലവിൽ എത്ര കോടി രൂപയുടെ വിവിധ പദ്ധതികൾ നടന്നുവരുന്നുവെന്നും ആയവ എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

കിഫ്ബി മുഖേന നിലവിൽ 63,257.74 കോടി രൂപയുടെ 903 പദ്ധതികൾക്ക് അംഗീകാരം നൽകിക്കഴിഞ്ഞിട്ടുണ്ട്. ഇതിൽ 16,746.07 കോടി രൂപയുടെ 486 പദ്ധതികളുടെ പ്രവൃത്തി ആരംഭിക്കുകയും 2,956.14 കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള ചുമതല ഭരണ വകുപ്പ് ചുമതലപ്പെടുത്തിയിട്ടുള്ള പദ്ധതി നിർവ്വഹണ ഏജൻസികളുടേതാണ്. കിഫ്ബി അതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങൾ നൽകാറുണ്ട്.

പൊന്നാനി മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

24(28) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നാനി നിയോജകമണ്ഡലത്തിൽ നിലവിലുള്ള കിഫ്ബി പദ്ധതികൾ ഏതൊക്കെയാണ്?

പൊന്നാനി നിയോജകമണ്ഡലത്തിൽ നിലവിൽ കിഫ്ബിയുടെ പരിഗണനയിലുള്ള പദ്ധതികൾ അനുബന്ധം 1-ആയി ചേർക്കുന്നു.*

(ബി) കിഫ്ബി ഫണ്ട് അനുവദിച്ചത് ഏതെല്ലാം പദ്ധതികൾക്കാണ്?

പൊന്നാനി നിയോജകമണ്ഡലത്തിൽ നിലവിൽ കിഫ്ബി ഫണ്ട് അനുവദിച്ചിട്ടുള്ള പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം 2- ആയി ചേർക്കുന്നു.*

(സി) നിലവിൽ പൂർത്തീകരിക്കാനുള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടികൾ കൈക്കൊള്ളുമോ?

കിഫ്ബി അംഗീകരിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാനുള്ള ചുമതല ഭരണ വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള എസ്.പി.വി.കൾക്കാണ്. അംഗീകരിച്ച പദ്ധതികൾ നിർദ്ദിഷ്ട സമയത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ എസ്.പി.വി. സ്വീകരിച്ചുവരുന്നു. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ നൽകൽ, പുരോഗതി സംബന്ധിച്ചുള്ള അവലോകന യോഗങ്ങൾ എന്നിവ കിഫ്ബി നിശ്ചിത ഇടവേളകളിൽ നടത്തുന്നുണ്ട്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.